**കേരള സർക്കാർ**

<u>സംഗ്രഹം</u>

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ വിവിധ ജില്ലകളിലെ ഓഫീസുകളിലേക്ക് ബന്ധപ്പെട്ട ജില്ലാ/സബ് ട്രഷറികളിൽ ഓരോ പലിശ രഹിത റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു.

---

**ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്**

**സ.ഉ. (സാധാ) നം.3742/2018/ധന.** തിരുവനന്തപുരം, തീയതി **27.04.2018**

---

പരാമർശം:- 1. ഭരണ വകുപ്പ ഫയൽ നം. GEDN-D1/29/2018-G.EDN Computer No : 789052

2. കേരള മഹിള സമഖ്യ സൊസൈറ്റി സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടറുടെ 27/01/2018-ലെ കെ.എം.എസ്.എസ്/ജി.എൽ.നം.24/18 നമ്പർ കത്ത്.

<u>**ഉത്തരവ്**</u>

കേരള മഹിള സമഖ്യ സൊസൈറ്റിയുടെ പ്രവർത്തനത്തിനു 2202-01-800-77 ശീർഷകത്തിൽ സംസ്ഥാന സർക്കാർ അനുവദിക്കുന്ന തുക കൂടാതെ, വനിതാ ശിശു വികസന വകുപ്പ്, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് എന്നീ വകുപ്പുകളിൽ നിന്നും നിർഭയ ഷെൽട്ടർ ഹോമുകൾ നടത്തുന്നതിന് അനുവദിക്കുന്ന തുക എന്നിവ സംസ്ഥാന സർക്കാരിന്റെ വിവിധ ജില്ലാ ട്രഷറി വഴിയും സബ് ട്രഷറികൾ വഴിയും പറ്റ് വരവ് നടത്തുന്നതിന് തിരുവനന്തപുരം, മലപ്പുറം, വയനാട്, പത്തനംതിട്ട, പാലക്കാട്, കണ്ണൂർ എന്നീ 6 ജില്ലകളിലുള്ള ജില്ലാ ട്രഷറികളിലും തിരുവനന്തപുരം, മലപ്പുറം, വയനാട്, പത്തനംതിട്ട, ഇടുക്കി, പാലക്കാട്, കാസർഗോഡ് മുതലായ ജില്ലകളിലെ സബ് ട്രഷറികളിലും താഴെ അനുബന്ധത്തിൽപ്പറയും പ്രകാരം റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിന് അനുവദിയ്ക്കണം എന്ന് കേരള മഹിള സമഖ്യ സൊസൈറ്റി സ്റ്റേറ്റ് പ്രൊജക്റ്റ് ഡയറക്ടർ പരാമർശത്തിലെ കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, മേൽ സൂചിപ്പിച്ച ആവശ്യത്തിനായി കേരള മഹിള സമഖ്യ സൊസൈറ്റിയുടെ വിവിധ ജില്ലകളിലെ ഓഫീസുകളിലേക്ക് ബന്ധപ്പെട്ട ജില്ലാ/സബ് ട്രഷറികളിൽ ഓരോ പലിശ രഹിത റ്റി.എസ്.ബി. അക്കൗണ്ട് തുടങ്ങുന്നതിന് അനുവാദം നൽകി ഉത്തരവാകുന്നു. മേൽ അക്കൗണ്ടുകൾ പ്ലാൻ ഫണ്ട് നിക്ഷേപത്തിനല്ലായെന്ന് നിഷ്കർഷിച്ചിരിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
**സുരേഷ് കുമാർ ഒ.ബി.**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ.& ഇ/ജി.& എസ്.എസ്.എ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്. എ) കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
പൊതുവിദ്യാഭ്യാസ വകുപ്പ് (GEDN-D1/29/2018-G.EDN Computer No : 789052 )
ധനകാര്യ (എഡ്യുക്കേഷൻ -ബി) വകുപ്പ്
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

| അക്കൗണ്ട് തുടങ്ങേണ്ട ഓഫീസിന്റെ പേര് | അക്കൗണ്ട് തുടങ്ങേണ്ട ട്രഷറിയുടെ പേര് | അക്കൗണ്ട് തുടങ്ങേണ്ട ഉദ്യോഗസ്ഥരുടെ ഒഫിഷ്യൽ പേര് |
|---|---|---|
| കേരള മഹിള സമഖ്യ സൊസൈറ്റി Registered No.T666/98 State Office,TC.20/1652, Kalpana | ജില്ലാ ട്രഷറി, തിരുവനന്തപുരം . | സ്റ്റേറ്റ് പ്രോജക്റ്റ് ഡയറക്ടർ |
| | സബ് ട്രഷറി, തിരുവനന്തപുരം | അക്കൗണ്ട്സ് ഓഫീസർ |
| മലപ്പുറം - ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, വീട്ടിക്കുത്ത് , നിലമ്പൂർ , മലപ്പുറം -679329 | ജില്ലാ ട്രഷറി, മലപ്പുറം | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | സബ് ട്രഷറി, മലപ്പുറം | അക്കൗണ്ടന്റ് |
| വയനാട് - ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, അഞ്ചാംമൈൽ, കെല്ലൂർ പി . ഒ , കെല്ലൂർ വയനാട് 670645 | ജില്ലാ ട്രഷറി , വയനാട് | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | സബ് ട്രഷറി, വയനാട് | അക്കൗണ്ടന്റ് |
| പത്തനംതിട്ട - ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, പത്തനംതിട്ട | ജില്ലാ ട്രഷറി , പത്തനംതിട്ട ആന്റ് ഇടുക്കി | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ (പത്തനംതിട്ട) |
| | സബ് ട്രഷറി, പത്തനംതിട്ട ആന്റ് ഇടുക്കി | അക്കൗണ്ടന്റ് (പത്തനംതിട്ട) |
| പാലക്കാട് - ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, പാലക്കാട് | ജില്ലാ ട്രഷറി , പാലക്കാട് | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | സബ് ട്രഷറി, പാലക്കാട് | അക്കൗണ്ടന്റ് |
| കണ്ണൂർ ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, അഷ്ലിഭവൻ, ശ്യാമള ലൈൻ, ഇരിട്ടി.പി.ഒ, കണ്ണൂർ | ജില്ലാ ട്രഷറി, കണ്ണൂർ | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | ,, ,, | അക്കൗണ്ടന്റ് |
| കാസർഗോഡ്-ജില്ല<br>ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ, കേരള മഹിള സമഖ്യ സൊസൈറ്റി, യെൻ കോംപ്ലക്സ്,പരപ്പ പി.ഒ,പരപ്പ കാസർഗോഡ്-671533 | സബ് ട്രഷറി, കാസർഗോഡ് | ഡിസ്ട്രിക്റ്റ് പ്രോഗ്രാം കോർഡിനേറ്റർ |
| | സബ് ട്രഷറി, കാസർഗോഡ് | അക്കൗണ്ടന്റ് |